**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5502** **13-08-2021 - ൽ മറുപടിയ്ക്ക്**

**ശൌചാലയ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്കായി ശൌചാലയം നിർമ്മിക്കുന്നതിന് കേന്ദ്ര - സംസ്ഥാന പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പ് മുഖേന 2012-13 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ മാത്രമേ ടോയ് ലറ്റ് നിർമ്മാണ ധനസഹായ പദ്ധതി നടപ്പിലാക്കിയിട്ടുള്ളൂ. ഈ പദ്ധതി നിലവിൽ തുടർന്ന് വരുന്നില്ല. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത വിഭാഗക്കാർക്ക് വേണ്ടിയുള്ള പ്രസ്തുത പദ്ധതികൾ ഫലപ്രദമായി വിനിയോഗിക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇനിയും എത്ര കുടുംബങ്ങൾക്ക് നിലവിൽ പ്രസ്തുത സൗകര്യം ഇല്ലായെന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | പട്ടികജാതി വികസന വകുപ്പ് 2012-13 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ ടോയ് ലറ്റ് നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം അനുവദിച്ച ടോയ് ലറ്റുകളിൽ സ്പിൽ ഓവറായി അവശേഷിക്കുന്ന ടോയ് ലറ്റുകൾ പൂർത്തീകരിക്കു ന്നതിനായി ജില്ലകൾക്ക് ഫണ്ട് അനുവദിച്ചു നൽകിയിട്ടുണ്ട്. നിലവിൽ ഈ പദ്ധതി നടപ്പിലാക്കാത്തതിനാൽ ഇനിയും എത്ര കുടുംബങ്ങൾക്ക് ടോയ് ലറ്റ് സൗകര്യം ഇല്ലായെന്ന വിവരം ലഭ്യമല്ല. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചു വരുന്നു. |
| (സി) | പ്രസ്തുത വിഭാഗക്കാർക്കായുള്ള ഫണ്ടുകൾ യഥാവിധി വിനിയോഗിക്കുന്നു എന്നും ഫണ്ട് അർഹതയുള്ളവർക്ക് തന്നെയാണ് ലഭിക്കുന്നതെന്നും ഉറപ്പു വരുത്താൻ നിലവിൽ വകുപ്പിനുള്ള സംവിധാനങ്ങൾ വ്യക്തമാക്കുമോ? | (സി) | പട്ടികജാതി വികസന വകുപ്പിന്റെ ക്ഷേമ വികസന പദ്ധതികൾ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളും വ്യവസ്ഥകളും പാലിച്ച് സമയബന്ധിതമായാണ് നടപ്പാക്കി വരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചാണ് പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. വകുപ്പ് വിവിധ തലങ്ങളിൽ നടത്തുന്ന പ്രതിമാസ അവലോകന യോഗങ്ങളിൽ ക്ഷേമ പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച പുരോഗതി വിലയിരുത്തപ്പെടുകയും പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തു വരുന്നു. വകുപ്പിന്റെ ആഭ്യന്തര |

| | | | |
|---|---|---|---|
| | | | ആഡിറ്റ് വിഭാഗം വകുപ്പ് നടപ്പാക്കുന്ന എല്ലാ ക്ഷേമ പദ്ധതികളും വിശദമായി പരിശോധിക്കുകയും ന്യൂനത പരിഹരണ നടപടികൾ നിർദ്ദേശിക്കുകയും ചെയ്തു വരുന്നു. ആഡിറ്റ് വിഭാഗം കാലാകാലങ്ങളിൽ സമർപ്പിക്കുന്ന റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ യഥാവിധി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ